# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1290

11.02.2016-ൽ മറുപടിക്ക്

## ട്രെയിനിംഗ് സെന്ററിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി.ശിവൻകുട്ടി** | **ശ്രീ.അനൂപ് ജേക്കബ്** **(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) 2014-15 ലെ ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയ രജിസ്ട്രേഷൻ വകുപ്പിന്റെ എറണാകുളം ജില്ലയിലെ ട്രെയിനിംഗ് സെന്ററിന്റെ പ്രവർത്തനം ഏതു ഘട്ടത്തിലാണ്; വിശദമാക്കുമോ? | എ) എറണാകുളം ജില്ലയിൽ കൂത്താട്ടുകുളം കേന്ദ്രമാക്കി പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിനായി 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഒരു കോടി രൂപ പ്രഖ്യാപിച്ചിരുന്നു. തുക അപര്യാപ്തമായതിനാൽ കൂടുതൽ തുക അനുവദിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ 2015-2016 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 2 കോടി രൂപ വകയിരുത്തിയിട്ടുള്ളതും. സർക്കാർ ഭരണാനുമതി നല്കി ഉത്തരവായിട്ടുള്ളതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ, 2016 മാർച്ച് 31-നകം പൂർത്തിയാക്കുവാൻ കഴിയുന്ന പ്രവൃത്തികളുടെ വിശദമായ ഷെഡ്യൂൾ തയ്യാറാക്കി അടിയന്തരമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ പൊതുമരാമത്ത് (കെട്ടിടവിഭാഗം) ചീഫ് എഞ്ചിനീയർക്ക് കത്ത് നൽകിയിരുന്നു. ടി പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കുവാൻ ഒരു മാസമെങ്കിലും സമയം വേണ്ടിവരുമെന്നും ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതിനുശേഷം പണി പൂർത്തീകരിക്കുവാൻ ഈ സാമ്പത്തിക വർഷം കഴിയുകയില്ല എന്നും, എന്നാൽ പ്രസ്തുത പ്രവൃത്തി എത്രയും വേഗത്തിൽ പൂർത്തീകരിക്കുന്നതിനു വേണ്ടിയുള്ള നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട് എന്നും പൊതുമരാമത്ത് (കെട്ടിടവിഭാഗം) ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഇപ്പോൾ ഇതിന്റെ ടെണ്ടർ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ